സാഹിത്യവാരഫലം

1987/09/27 (കലാകൗമുദി)

എം. കൃഷ്ണൻ നായർ

Copyright © 2014-2022, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

സാഹിത്യവാരഫലം

1987/09/27-ൽ കലാകൗമുദി വാരികയിൽ പ്രസിദ്ധീകരിച്ചത്.

കുമാരനാശാൻ

കുറെക്കാലംമുമ്പ് കേശവദേവും കർമ്മചന്ദ്രനും ഞാനും അഞ്ചുതെങ്ങിനടുത്തുള്ള ഒരു സ്ഥലത്ത് ഒരു സമ്മേളനത്തിനു പോയി. വള്ളത്തിലിരിക്കുമ്പോൾ ആരോ കുമാരനാശാനെക്കുറിച്ച് എന്തോ പറഞ്ഞിട്ട് ഞങ്ങളോടു ചോദിച്ചു: “ഇത്രത്തോളം പ്രകൃതി സുന്ദരമായ സ്ഥലത്തു കഴിഞ്ഞുകൂടിയ ആശാൻ എന്താണ് ആ സൗന്ദര്യം സ്വന്തം കവിതയിൽ പ്രതിഫലിപ്പിക്കാത്തത്?” ഞാൻ മറുപടി നല്കി: “ഉണ്ടല്ലോ. ‘പ്രരോദന’ത്തിലെ ആദ്യത്തെ ഒന്നു രണ്ടു ശ്ലോകങ്ങളിൽ കേരളത്തിന്റെ പ്രകൃതി പ്രതിഫലിക്കുന്നു”. ചോദ്യകർത്താവിന് ആ മറുപടി തൃപ്തി നല്കിയില്ല. “എന്നാൽ പ്രസംഗത്തിന്റെ വിഷയം അതു തന്നെയാകട്ടെ” എന്നു കേശവദേവ് നിർദ്ദേശിച്ചു. അന്ന് ഞാനെന്തു പറഞ്ഞുവെന്ന് ഓർമ്മയില്ല. ഇന്നാണെങ്കിൽ എന്തു പറയുമെന്നു ചുരുക്കിയെഴുതാം. കുമാരനാശാന്റെ കവിതയിലെ ധിഷണാപ്രഭാവം ആദരണീയമാണ്. അധഃസ്ഥിതരെ ചവിട്ടാനുയർത്തുന്ന കാലിന്റെ നേർക്കും അടിക്കാനോങ്ങുന്ന കൈപ്പത്തിയുടെ നേർക്കും ധിഷണയുടെ നേത്രങ്ങൾ വ്യാപരിപ്പിച്ച മഹാകവിക്ക് ‘മാനത്തെത്തിയ’ മഴവില്ലിന്റെ അഴകു കാണാനും തീനാളം പോലെ നടക്കുന്ന ചെറുപ്പക്കാരിയുടെ സൗന്ദര്യം ദർശിക്കാനും സമയമില്ലായിരുന്നു. വള്ളത്തോൾക്കവിതയിലെ നായികയുടെ നിതംബം, ജി. ശങ്കരക്കുറുപ്പ് പറഞ്ഞതുപോലെ, അനുവാചകനെ സ്പർശിച്ചെന്നു വരും. കുമാരനാശാൻ സ്ത്രീയെ കണ്ടിരിക്കാം. പക്ഷേ, അവളുടെ പ്രത്യേകമായ ഒരവയവത്തിലേക്കും കണ്ണോടിച്ചിട്ടില്ല. പിന്നെയല്ലേ.

> “ചുമലണിവസനത്തിനുള്ളിൽ വിങ്ങും
> സുമഹിത വാർമുലയും നിതംബവായ്പും
> ശ്രമമൊടനുമദിച്ച വേഗമാർന്ന്”

കമനി നടക്കുന്നതു് അദ്ദേഹം കാണുക. തകർന്നുകിടക്കുന്ന കരിങ്കൽത്തൂണുകളിലെ അദ്ഭുതസ്ത്രീരൂപങ്ങൾ കണ്ട് ‘നിങ്ങൾ ദീർഘകാലം ആട്ടമാടി മേനി വിയർത്തു നില്ക്കയാണോ? എന്നു കുഞ്ഞുരാമൻ നായരെപ്പോലെ ചോദിക്കാൻ അദ്ദേഹത്തിനു കഴിയുമായിരുന്നില്ല. ഹരിതാഭങ്ങളായ പാടങ്ങൾ പുഞ്ചിരിപൊഴിക്കുന്നതും പൂക്കൾ സൗരഭ്യം പ്രസരിപ്പിക്കുന്നതും ശ്രദ്ധിക്കാൻ കുമാരനാശാനു സമയമെവിടെ? മനുഷ്യപുരോഗതിയെ ലക്ഷ്യമാക്കി കാവ്യം രചിക്കുന്ന കവിയുടെ പദവിന്യാസക്രമം പലപ്പോഴും പരുക്കനായിരിക്കും.

> അളിപടലികൾമുളിരന്ധ്രമേലും
> മുളകൾ മരുത്തിലുലഞ്ഞു മെല്ലെയൂതി
> തളിർനിരമൃദുതാളമേകിയേവം
> കളകളമായതിമോഹനം വനത്തിൽ

എന്ന് ആശാൻ എഴുതിയിട്ടുണ്ടാവും എന്നാൽ ആ ശബ്ദഭംഗി അദ്ദേഹത്തിന്റെ കാവ്യത്തിനുള്ള സാമാന്യഗുണമായി പറയാവുന്നതല്ല.

> കളിയതുപൊഴുതേ കഴിഞ്ഞുകൊണ്ടൽ
> ക്കുളിർകുഴലാളുടെ കോമളാമലാംഗം
> ഒളിവിതറി, മിനുക്കുവേലതീരും
> ലളിതസുവർണ്ണശലാകയെന്നപോലെ

എന്നു വള്ളത്തോൾ വിശ്വവശ്യമായ സൗന്ദര്യം സ്ത്രീയിൽ ദർശിച്ചെഴുതുമ്പോൾ അദ്ദേഹത്തിന്റെ കവിത പ്രകൃതിരാമണീയകത്തിൽനിന്നു പ്രചോദനം കൈവരിച്ചതാണെന്നു കരുതാവുന്നതാണ്. വിരളമായി പ്രകൃതിസൗന്ദര്യത്തിൽ അഭിരമിക്കുന്ന കുമാരനാശാൻ ‘ജനനി മരിച്ച ചിത്തതാപം തീരാത്ത ഉണ്ണികളുടെ കണ്ണുനീർക്കുളത്തിൽ’ കണ്ണുവയ്ക്കുന്നതിലാണു തല്പരൻ. വള്ളത്തോളും പി. കുഞ്ഞിരാമൻ നായരും പ്രകൃതിഭംഗി ആസ്വദിക്കട്ടെ. കുമാരനാശാൻ സമ്പൂർണ്ണമനുഷ്യന്റെ ഭംഗി കാണാൻ ശ്രമിച്ചെങ്കിൽ അതിലെന്തു തെറ്റിരിക്കുന്നു.

ഈച്ച: മധുരപലഹാരങ്ങൾ തിന്നു വളരാൻ വേണ്ടി തിരുവനന്തപുരത്തെ ഹോട്ടലുകാർ കണ്ണാടിപ്പെട്ടികളിൽ അടച്ചുവളർത്തുന്ന ജീവി.

ഫൗണ്ടൻ പേന: കടകളിലെ കണ്ണാടിക്കൂട്ടിലിരിക്കുമ്പോൾ മനോഹരമായ വസ്തു. വലിയ വിലകൊടുത്തു വാങ്ങിക്കഴിഞ്ഞാൽ ദൂരെ എറിയേണ്ടതു്.

വിപ്ലവകവി: കൊട്ടാരം പോലുള്ള കെട്ടിടത്തിൽ താമസിച്ച്, മോട്ടോർകാറിൽ സഞ്ചരിച്ച്, വിലകൂടിയ ഭക്ഷണംകഴിച്ച്, ബൂർഷ്വാസിയുടെ എല്ലാ സുഖസൗകര്യങ്ങളും ആസ്വദിച്ച് വാക്കുകളിലൂടെമാത്രം വിപ്ലവം പ്രസംഗിക്കുന്ന കാരുണ്യ സിന്ധു.

നാലപ്പാട്ട്

ധിഷണാപരമായ ഭാവനയുണ്ട്, കാവ്യാത്മക ഭാവനയുണ്ട്. ഷെല്ലി, കീറ്റ്സ് ഈ കവികളുടെ ഭാവന കാവ്യാത്മകമത്രെ. ബ്രൗണിങ്ങിന്റെ ഭാവന ധിഷണാപരവും. അതുകൊണ്ടാണ് കീറ്റ്സ് പാടിയപ്പോൾ ബ്രൗണിങ് ഗർജ്ജിച്ചുവെന്ന് ആരോ പറഞ്ഞത്. നാലപ്പാടന്റെ ഭാവന ഈ രണ്ടുമല്ല. അതിനു ഭാഷാന്തരകാരീഭാവന എന്ന പുതിയ പേരു നല്കാം. അഴീക്കോട്ട് അത്യുക്തിയെ കൂട്ടുപിടിച്ചുകൊണ്ടു നടത്തുന്ന ഉദീരണങ്ങൾ അവാസ്തവികങ്ങളായി എനിക്കു തോന്നിപ്പോയി.

കവിത ചിത്രശലഭത്തെപ്പോലെ പറന്നു വരണം. അല്ലെങ്കിൽ പൂപോലെ സ്വയം വിടരണം. ഇവ രണ്ടുമല്ല നാലപ്പാടന്റെ കവിത (കണ്ണുനീർത്തുള്ളി). അതു് ഫിലിപ്പീൻസിലെ സ്വേച്ഛാധിപതിയായിരുന്ന മാർകോസിന്റെ പത്നിയെപ്പോലെ അയൺ ബട്ടർഫ്ലൈ യാണ്. ഈ ചിത്രശലഭം—അയോമയ ചിത്രശലഭം ‘പ്യൂപ്പ’ പൊട്ടി പുറത്തുവന്നതല്ല. ടെനിസൺ എന്ന പടിഞ്ഞാറൻ കവിയുടെ ‘ഇൻമെമ്മോറിയം’ എന്ന വിലാപകാവ്യത്തിൽനിന്നു ജനിച്ചതാണ്. സദൃശങ്ങളായ ആശയങ്ങൾ ഉൾക്കൊള്ളുന്ന വരികൾ ഈ ലേഖകൻ മുൻപെടുത്തു കാണിച്ചിട്ടുണ്ട് തത്ത്വചിന്തയിലും “കണ്ണുനീർത്തുള്ളി” ഇൻ മെമ്മോറിയലിനെ അനുകരിക്കുന്നു. ഡോക്ടർ ലീലാവതി അഭിമാനധുരന്ധരയായി ഉദ്ധരിക്കുന്ന ശ്ലോകം—

> ഞാനിങ്ങു ചിന്താശകലങ്ങൾ കണ്ണു
> നീരിൽ പിടിപ്പിച്ചൊരു കോട്ടകെട്ടി
> അടിച്ചടിച്ചാൻ ഞൊടികൊണ്ടതാരോ
> പ്രപഞ്ചമേ നീയിതുതന്നെയെന്നും

എന്ന ശ്ലോകം മൗലികമല്ല. പ്രപഞ്ചത്തിന്റെ ഈ സംഹാരാത്മകത്വം ടെനിസണും സ്വന്തം കൃതിയിൽ ആവിഷ്കരിച്ചിട്ടുണ്ട്. ‘നരൻക്രമാൽത്തന്റെ ശവം ചവിട്ടിപ്പോകുന്നൊരിപ്പോക്കുയരത്തിലേക്കോ” എന്ന നാലപ്പാടന്റെ വരികൾ That men may rise upon their dead selves എന്നാരംഭിക്കുന്ന ഇൻമെമ്മോറിയത്തിലെ വരികളുടെ ഭാഷാന്തരീകരണമാണ്.

കണ്ണുനീർത്തുള്ളിയിലെ രചനാരീതി നല്ല കവിയുടേതല്ല. നൈസർഗികത്വമോ സൗന്ദര്യമോ ഇല്ലാത്ത രീതിയാണതു്. ഭാരം കൊണ്ടു നീലാന്തരിക്ഷത്തിലേക്കുയരാൻ കഴിയാതെ ഈ ഇരുമ്പു ചിത്രശലഭം ഭൂമിയിൽത്തന്നെ നിശ്ചലമായി വർത്തിക്കുന്നു. ഇതൊക്കെക്കൊണ്ടാവണം വള്ളത്തോൾ സ്വകാര്യസംഭാഷണത്തിൽ “ഏഹാ നാലപ്പാടൻ അനന്തതയിലേക്കു നോക്കി നില്ക്കയാണ് വാക്കുകൾക്കു വേണ്ടി” എന്നു പറഞ്ഞത്. വിലാപകാവ്യം മനുഷ്യത്വം ഓളംവെട്ടുന്ന ഗാനതല്ലജമാണ്. അതു ദാരുമയമായ നാല്ക്കാലിയല്ല.

ഷെല്ലി

ധിഷണാപരമായ ഭാവനയുണ്ട്. കാവ്യാത്മക ഭാവനയുണ്ട്. ഷെല്ലി, കീറ്റ്സ് ഈ കവികളുടെ ഭാവന കാവ്യാത്മകമത്രെ. ബ്രൗണിങ്ങിന്റെ ഭാവന ധിഷണാപരവും അതുകൊണ്ടാണ് കീറ്റ്സ് പാടിയപ്പോൾ ബ്രൗണിങ് ഗർജ്ജിച്ചുവെന്ന് ആരോ പറഞ്ഞതു്. നാലപ്പാടന്റെ ഭാവന ഈ രണ്ടുമല്ല. അതിന് “ഭാഷാന്തരകാരീഭാവന” എന്ന പുതിയ പേരു നല്കാം. തർജ്ജമയിലാണ് അദ്ദേഹം കൗതുകം കാണിച്ചതു്. ‘പൗരസ്ത്യദീപം’, ‘പാവങ്ങൾ’ ഇവയൊക്കെ തർജ്ജമകൾ. ‘വേശ്യഅമ്മയുടെ വിശദി’യും അദ്ദേഹത്തിന്റെ മറ്റൊരു തർജ്ജമയല്ലേ? നല്ല ഓർമ്മയില്ല. നാലപ്പാടന്റെ ‘ആർഷജ്ഞാനം’ Derivative (മറ്റൊന്നിൽനിന്നു സ്വീകരിച്ചതു്) ആണെന്നതു് നിരാക്ഷേപമാണ്. അദ്ദേഹത്തിന്റെ ‘രതിസാമ്രാജ്യം’ ഹാവ്‌ലക് എലിസിന്റെ സൈക്കോളജി ഒഫ് സെക്സ് വായിച്ചിട്ടെഴുതിയതും. ഭാവനയുടെ കിനാക്കളിൽ മുഴുകാൻ താല്പര്യമില്ലാത്ത ഈ കവി സ്വന്തം രക്തത്തിൽ അലിഞ്ഞുചേരാത്ത വൈദേശികാശയങ്ങളെ മലയാളത്തിൽ ആക്കിയതേയുള്ളൂ. സത്യമിതായതുകൊണ്ട് സുകുമാർ അഴീക്കോട്ട് അത്യുക്തിയെ കൂട്ടുപിടിച്ചുകൊണ്ട് മാതൃഭൂമി ഓണപ്പതിപ്പിലൂടെ നടത്തുന്ന ഉദീരണങ്ങൾ അവാസ്തവികങ്ങളായി എനിക്കു തോന്നിപ്പോയി. (‘നാലപ്പാടന്റെ ചക്രവാളം’ എന്ന ലേഖനം)

അത്യുക്തി ടെംപർ പോയ—ദ്രഢത പോയ—സത്യമാണെന്നു ജിബ്രാൻ എഴുതിയിട്ടുണ്ട്. മഹാകവിയോട് എനിക്കു യോജിക്കാൻ പ്രയാസം. കഷണ്ടിത്തല കണ്ടിട്ട് ‘എത്ര നിബിഡമായ തലമുടി’ എന്നു പറയുന്നതാണ് അത്യുക്തി.

അതിദീനം



കീറ്റ്സ്

തിരുവനന്തപുരത്തെ ചാല ഇംഗ്ലീഷ് ഹൈസ്കൂളിൽ ഞാൻ വിദ്യാർത്ഥിയായിരുന്നു. അക്കാലത്തു് എന്നെയും കൂട്ടുകാരെയും ബോട്ടണി പഠിപ്പിച്ചതു് നാരായണൻ നായർ എന്ന സാറ്. ഒരു ദിവസം സസ്യശാസ്ത്രം പഠിപ്പിക്കാൻ എത്തിയ അദ്ദേഹം ഒരു വിദ്യാർത്ഥിയോട് “ഒരു ചെമ്പരത്തിപ്പൂ പറിച്ചുകൊണ്ടുവാടാ” എന്നാജ്ഞാപിച്ചു. അതുകേട്ട് ഓടിയ വിദ്യാർത്ഥിയുടെകൂടെ ഞാനും ഓടി. ഞങ്ങൾ രണ്ടുപേരും ഓരോ പൂ അടർത്തിയെടുത്തു സാറിന്റെ മുൻപിലെത്തി. ഞാൻ നീട്ടിയ പൂവ് അദ്ദേഹം പുറംകൈകൊണ്ടു തട്ടിക്കളഞ്ഞിട്ട് ചോദിച്ചു: “ആരു പറഞ്ഞെടാ നിന്റടുത്തു പൂ പറിക്കാൻ? നശിപ്പിക്കലല്ലേ ഇതു്?” മിണ്ടാതെ നിന്ന എന്റെ തലയിൽ അദ്ദേഹം ഒരു ‘കിഴുക്ക്’ തന്നു. ഗുരുനാഥനെ സന്തോഷിപ്പിക്കാൻ ഞാൻ ചെയ്ത യത്നം അങ്ങനെ ദുഃഖാനുഭൂതിയിൽ കലാശിച്ചു. സാറ് പൂവെടുത്തു് ഓരോ ഭാഗം അടർത്തി എപ്പികാലിക്സ്, കാലിക്സ്, കൊറോള, സ്റ്റേമൻ, സ്റ്റിഗ്മ എന്നൊക്കെ പറഞ്ഞുതുടങ്ങി. ഒടുവിൽ ചില നള്ളിക്കീറലുകൾ നടത്തി ‘ഇതാണു പിസ്റ്റിൽ’ എന്നു പറഞ്ഞ് ഒരു വെളുത്ത നൂലു കാണിച്ചു. അപ്പോൾ ഞാൻ വിചാരിച്ചു: സാറിന്റെ പ്രവൃത്തിയല്ലേ വലിയ നശിപ്പിക്കൽ. മനോഹരമായ പൂവ് ഉത്പാടനതല്പരനായ അദ്ധ്യാപകന്റെ നഖാഗ്രങ്ങളിൽപ്പെട്ട് അപ്രത്യക്ഷമായി. അപ്പോൾ ഞാനോ സാറോ പുഷ്പനാശനവിദഗ്ധൻ?

ഇപ്പോൾ ഞാനാലോചിക്കുന്നതു് ആ ചെമ്പരത്തിച്ചെടി നട്ട ഉദ്യാനപാലകനെയാണ്. അയാളാണ് യഥാർത്ഥമനുഷ്യൻ. മണ്ണിളക്കി കമ്പുനട്ട്. അയാൾ വെള്ളമൊഴിച്ചു. ഇലകൾ ഉണ്ടായി. മൊട്ടുണ്ടായി. അതു വിരിഞ്ഞു. വള്ളത്തോളും ആശാനും ഉള്ളൂരും ശങ്കരക്കുറുപ്പുമൊക്കെ ഈവിധത്തിൽ പൂന്തോട്ടക്കാരാണ്. അവർ വിടർത്തിയ പൂക്കളുടെ പരിമളം നമ്മെ തഴുകുന്നു. കൃതജ്ഞതാഭരിതമായ ഹൃദയത്തോടെ നമ്മൾ അവരുടെ മുൻപിൽ നില്ക്കുന്നു. ഈ വിധത്തിൽ ഒരു സർഗ്ഗപ്രക്രിയയിൽ വ്യാപരിക്കുകയാണ് “വ്യഥ” എന്ന കാവ്യമെഴുതിയ സുഗതകുമാരി എന്നു പറഞ്ഞുകൂടാ. (ജനയുഗം ഓണം വിശേഷാൽപ്രതി) നാട്ടിന്റെ അവസ്ഥാന്തരങ്ങളെ ആവിഷ്കരിക്കാൻ യതിക്കുന്ന കവി നാരായണൻ നായർസ്സാറിനെപ്പോലെ ഇതാ പുഷ്പകോശം, ഇതാ ദലപുടം, ഇതാ കേസരം, ഇതാ പരാഗണസ്ഥലം എന്നെല്ലാം പറയുന്നു. ഒടുവിൽ ഇതാ ‘പിസ്റ്റിൽ’ എന്നും. ദുഃഖത്തോടെ ഞാൻ വള്ളത്തോൾ തുടങ്ങിയ ഉദ്യാനപാലകരെ ഓർമ്മിക്കുന്നു. പുഷ്പഭാഗങ്ങളുടെ പ്രദർശനം മുഴുവൻ ഇവിടെ വരികളിലൂടെ എടുത്തു കാണിക്കാൻ സ്ഥലമില്ല. പിസ്റ്റലിന്റെ പ്രദർശനം മാത്രമാകട്ടെ:

> “എന്റെയീജ്വരാർത്തമാ
> മുള്ളത്തിലൊരു ചുടായ്
> നൊമ്പരമായി ക്രോധ-
> ജ്വാലയായ് നിറയവേ
> ഇതിനെക്കുറിച്ചെന്തു
> പാട്ടവാൻ? ഈ നാടല്ലോ
> വ്യഥ! പാടലിന്നെല്ലാ-
> മപ്പുറത്തേതാം വ്യഥ”.

വർത്തമാനകാലത്തിന്റെ ഒരു നൃതനാംശം—അനുവാചകൻ എത്ര യത്നിച്ചാലും സ്വയം കാണാൻ കഴിയാത്തതായ അംശം—കാണിച്ചുതരുന്നയാളാണ് കവി. ‘വ്യഥ’-പോലുള്ള അതിദീനങ്ങളായ പദ്യങ്ങൾ രചിച്ചുവയ്ക്കുന്ന ആളല്ല.

> “കാവ്യമെന്നാൽ?”
>
> “ഗദ്യത്തിൽ എഴുതിയിട്ട് പതിന്നാല് അക്ഷരങ്ങൾ വീതം മുറിച്ചെടുക്കുന്ന ഒരു പണി”.

മിതം ച സാരം ച

പണ്ട് പോളണ്ടിൽ കല്ലരിക്കു ക്ഷാമം നേരിട്ടപ്പോൾ ഉല്പാദനം വർദ്ധിപ്പിക്കാനുതകുന്ന മട്ടിൽ ഓരോ കവിയും കാവ്യമെഴുതിക്കൊള്ളണമെന്ന് അന്നത്തെ സർക്കാർ ആജ്ഞാപിച്ചു. ഫലമോ? ജി. ശങ്കരക്കുറുപ്പു പറഞ്ഞതുപോലെ കല്ലരിയെക്കാൾ കറുത്ത കവിതകൾ ധാരാളമുണ്ടായി. ചൈന ഇന്ത്യയെ ആക്രമിച്ചപ്പോൾ ദേശാഭിമാനോജ്ജ്വലരായി ഇവിടത്തെ കവികൾ കവിതകൾ എഴുതി. ഓരോ കാവ്യവും ‘ഫാഴ്സാ’യിരുന്നു. ‘ഡിസ്ഗ്രേസാ’യിരുന്നു. അവ വായിച്ചപ്പോൾ ആ കവിമാനികളുടെ സമകാലികനാണല്ലോ ഞാനെന്നു വിചാരിച്ചു ദുഃഖമുണ്ടായി എനിക്ക്. ശ്രീലങ്കയിലെ മനുഷ്യക്കുരുതികൊണ്ടു ഹൃദയം തകർന്ന നമ്മൾക്ക് ഇപ്പോഴത്തെ ശാന്തികരാർ അല്പം ആശ്വാസമരുളുന്നു. പക്ഷേ, ആ ആശ്വാസത്തെ നശിപ്പിച്ചുകൊണ്ട് വീണ്ടും ഹൃദയം തകർക്കുന്നു ഒളപ്പമണ്ണ എന്ന കവി. “ശ്രീലങ്ക” എന്ന തലക്കെട്ടിനു താഴെയുള്ള “ബീഭത്സ”ങ്ങളായ ചില വരികളിതാ:

> ശ്രീലങ്കയിൽനിന്നു നീന്തിവരുന്നതാം
> കാലവർഷക്കരിങ്കാറിരുട്ടേ
> കാറ്റടിച്ചാഞ്ഞിങ്ങു വീഴുന്നതാം വേലി
> യേറ്റമേ രാമേശ്വരത്തു നില്ലേ
> തള്ളയും കുട്ടിയുമായുമായോരോ
> വള്ളത്തിൽവന്നു കേറുന്ന നിങ്ങൾ
>
> (കുങ്കുമം ഓണം വിശേഷാൽ പ്രതി)

ഇതിനെക്കുറിച്ചു കൂടുതലെഴുതുന്നതു് എന്റെ bad taste-നെ പ്രദർശിപ്പിക്കലാവും അമാന്യമായതിനെക്കുറിച്ചും വിമർശകൻ മിതമായ മട്ടിലേ സംസാരിക്കാൻ പാടുള്ളു. ഞാൻ വിദ്വാനല്ലെങ്കിലും ‘മൗനം വിദ്വാന ഭൂഷണം’ എന്നുകൂടി പറഞ്ഞുകൊള്ളട്ടെ.

“സന്മാർഗ്ഗമെന്നാൽ എന്തു്?”

“വീട്ടിൽ മാന്യന്മാർ വന്നു കയറുമ്പോൾ അവരുടെ മുഖത്തടിക്കുന്നതുപോലെ വാതിൽ വലിച്ചടച്ചു സ്വന്തം വിശുദ്ധി പെണ്ണുങ്ങൾ പ്രഖ്യാപിക്കുന്നതു സന്മാർഗ്ഗം”.

“പ്രമേഹരോഗിയെ എങ്ങനെ തിരിച്ചറിയാം?”

“ചായയിലോ കാപ്പിയിലോ പഞ്ചാരയിടാൻ സമ്മതിക്കില്ല. പക്ഷേ, ജിലേബി കണ്ടാലുടനെ തിന്നും”.

എം. പി. നാരായണപിള്ള

ജീവിതത്തിന്റെ സെക്യൂരിറ്റിയെക്കരുതി സ്ത്രീ കാമമടക്കിവയ്ക്കുന്നു. സുരക്ഷിതത്വത്തിൽ അത്യുകണ്ഠ പുരുഷനു ശ്രദ്ധിക്കേണ്ടതില്ല. അവൻ അതു പ്രകടിപ്പിക്കുന്നു. ഇതിലാർക്കെങ്കിലും സംശയമുണ്ടെങ്കിൽ അവർ സ്ത്രീകളുടെ ഉറക്കപ്പരാക്രമങ്ങളെക്കുറിച്ച് തെല്ലൊന്ന് ആലോചിച്ചുനോക്കിയാൽ മതി. സ്ത്രീയോളം വരില്ല പുരുഷൻ അക്കാര്യത്തിൽ.

നില്ല വായനക്കാരാ, ഞാൻ എനിക്കിഷ്ടമുള്ള എം. പി. നാരായണപിള്ളയെക്കുറിച്ചു പറയാൻ ആരംഭിക്കുകയാണ്. അദ്ദേഹം എഴുതുന്ന എല്ലാക്കാര്യങ്ങളോടും യോജിക്കുന്നതിന്റെ ഫലമല്ല ഈ ഇഷ്ടം. പറയാനുള്ളതു തന്റേതായോടെ കേൾക്കുന്നവന്റെ ഹൃദയത്തിലും ബുദ്ധിയിലും ചെന്നു തറയ്ക്കുന്ന മട്ടിൽ പറയുന്ന അപൂർവ്വം ചില എഴുത്തുകാരിൽ ഒരാളാണ് എം. പി. നാരായണപിള്ള. ഒരിക്കൽ ഞാൻ കുട്ടിക്കൃഷ്ണമാരാർക്ക് എഴുതിയ എഴുത്തു വായിച്ചിട്ട് മഹാപണ്ഡിതനായ എം. എച്ച്. ശാസ്ത്രികൾ പറഞ്ഞു. “നിങ്ങൾ ഒരു വാക്യമേ എഴുതുന്നുള്ളു എന്നു വിചാരിക്കു. അതിലും നിങ്ങളുടെ വ്യക്തിത്വം വരണം. കുട്ടിക്കൃഷ്ണമാരാരുടെ ഓരോ വാക്യത്തിലും അദ്ദേഹത്തിന്റെ വ്യക്തിത്വമുണ്ട്. അതുപോലെ എഴുതാൻ കഴിഞ്ഞില്ലെങ്കിൽ എഴുതരുത്. ശാസ്ത്രികളുടെ ഉപദേശം സ്വീകരിച്ച് ഞാൻ കത്തു മാറ്റിയെഴുതി. വ്യക്തിത്വവും സ്വത്വം പ്രതിഫലിക്കുന്ന രീതിയിലേ എം. പി. എഴുതാറുള്ളു. കേരളകൗമുദി ഓണം വിശേഷാൽ പ്രതിയിലുള്ള അദ്ദേഹത്തിന്റെ “അല്പം ബലപ്രയോഗം” എന്ന ലേഖനവും ഈ സാമാന്യനിയമത്തിന് നിദർശകം തന്നെ. സവിശേഷതയാർന്ന മട്ടിലാണ് ഈ ലേഖനത്തിന്റെയും തുടക്കം. “പതിനേഴു വർഷം മുൻപു് ഇന്നത്തെ സാമൂഹ്യവ്യവസ്ഥിതിയാണ് ഇന്ത്യയിൽ നിലനിന്നിരുന്നതെങ്കിൽ ഞാൻ കല്യാണം കഴിക്കില്ലായിരുന്നു”. കാരണമറിയാൻ വായനക്കാരൻ ആകാംക്ഷയോടെ അടുത്ത വാക്യത്തിലേക്കു കടക്കുന്നു. സ്ത്രീയുടെ ആത്മഹത്യയാണ് വിഷയം. ഭർത്താവ് സിഗററ്റ് വാങ്ങാൻ കടയിൽപ്പോയ തക്കംനോക്കി ഭാര്യ വീട്ടിലുള്ള സ്വല്പം മണ്ണെണ്ണ ഉടുതുണിയിലൊഴിച്ചു തീപ്പെട്ടിക്കോലുരച്ചു കത്തിക്കുന്നു. വെന്തുചാകുന്നു. ഞാൻ ആ സമയത്തു് സിഗററ്റ് വാങ്ങാൻ പോയിരിക്കുകയായിരുന്നുവെന്നു ഭർത്താവു തെളിയിച്ചുകൊള്ളണം. ഇല്ലെങ്കിൽ അയാൾക്കു കൊലപാതക കുറ്റത്തിനുവേണ്ടി കഴുമരത്തിൽ കയറേണ്ടിവരും.

എം. പി. നാരായണപിള്ള

ഒറ്റക്കാരണംകൊണ്ട് ആരും ആത്മഹത്യ ചെയ്യുകില്ല. ഒരുത്തന്റെ ജോലി പോയിയെന്നു വിചാരിക്കു. ഉടനെ അയാൾ കയറെടുത്തു ജീവിതം അതിന്റെ കുരുക്കിൽ കുടുക്കുകയില്ല. ജീവിക്കാൻ മാർഗ്ഗമില്ലാതെ അയാൾ ബന്ധുക്കളോടു സഹായമഭ്യർത്ഥിക്കും. സഹായം കിട്ടാതെ വരുമ്പോൾ പരിചയമില്ലാത്തവരോടും കടം ചോദിക്കും. അതു കിട്ടാതെ വരുമ്പോൾ യാചിക്കും. അതും നിഷ്ഫലമാകുമ്പോൾ പട്ടിണികിടക്കും. അങ്ങനെ നരകിച്ചു നരകിച്ചു കഴിഞ്ഞുകൂടുമ്പോൾ ഭാര്യ ചോദിച്ചെന്നുവരും: “പിന്നെ എന്നെയെന്തിനു വിവാഹം കഴിച്ചു? പോക്കില്ലെങ്കിൽ മിണ്ടാതിരുന്നുകൂടായിരുന്നോ?” അതുകേട്ട് ഭാര്യയോട് ഒരു വിരോധവും തോന്നാതെ അയാൾ അന്നുരാത്രി ഉറക്കഗുളിക വിഴുങ്ങുന്നു. ഭാര്യയുടെ ചോദ്യമാണ് അയാളെ ആത്മഹത്യയിലേക്കു നയിച്ചതെന്ന് ആളുകൾ പറയും. അതു തെറ്റ്. ഓരോ ആത്മഹത്യയ്ക്കും ആയിരമായിരം ഹേതുക്കളുണ്ടാവും. ഓരോന്നും സഹായകാരി (contributing) ആകുന്നേയുള്ളു. “എന്തെടി അരി വേകിക്കാത്തതു്?” എന്ന ദേഷ്യത്തോടെ ഭർത്താവു ചോദിച്ചതുകൊണ്ടു മാത്രം ഒരു സ്ത്രീയും മണ്ണെണ്ണ കൈയിലെടുക്കുകയില്ല. “നിന്റെ തന്ത എനിക്കു തരാമെന്നു പറഞ്ഞ രൂപയെവിടെടീ” എന്നു കോപിച്ചു ചോദിച്ചിട്ടായിരിക്കും അയാൾ സിഗററ്റ് വാങ്ങാൻ റോഡിലേക്കു പോകുന്നതു്. സിഗററ്റു വാങ്ങുന്നതോടൊപ്പം ഭാര്യയോടു കയർത്തതിൽ പശ്ചാത്താപമുണ്ടായി അവൾക്കു മണമുള്ള സോപ്പും വാങ്ങിക്കൊണ്ടായിരിക്കും അയാൾ തിരിച്ചെത്തുക. അപ്പോഴേക്കും ഭാര്യ അടുക്കളയിൽ കരിഞ്ഞു കരിക്കട്ടപ്രായത്തിൽ കിടക്കുകയാവും”. അയ്യോ സ്ത്രീധനം കൊടുക്കാത്തതിന്റെ പേരിൽ ശണ്ഠയുണ്ടായി. അവൾ മണ്ണെണ്ണയൊഴിച്ചു തീകത്തിച്ചു ചത്തു” എന്ന് ആളുകൾ മുറവിളികൂട്ടും. പൊലീസ് വരും. അയാൾ കുറ്റിലാവും. ഇടി മേടിക്കും. ആവർത്തിച്ചു പറയുന്നു. മകനോ മകളോ പരീക്ഷയിൽ തോറ്റു എന്നതിന്റെ പേരിൽ മാത്രം, ഒരുത്തൻ ചീത്തവാക്കുകൾ പറഞ്ഞു എന്നതിന്റെ പേരിൽ മാത്രം, ഭർത്താവ് അടികൊടുത്തു എന്നതിന്റെ പേരിൽ മാത്രം ഒരു സ്ത്രീയും ആത്മഹത്യ ചെയ്യുകയില്ല. contributing causes ധാരാളം നേരത്തെയുള്ളപ്പോൾ അവസാനത്തെ നിസ്സാരസംഭവവും ഒരു ഹേതുവാകുന്നുവെന്നേയുള്ളു. എം. പി. നാരായണപിള്ളയുടെ ലേഖനത്തിന് ‘സമകാലിക പ്രസക്തി’യുണ്ട്.

ബലാത്സംഗത്തെക്കുറിച്ച് എം. പി. നാരായണപിള്ള പറയുന്നതൊക്കെ ചിന്തോദ്ദീപകം തന്നെ. ബലാൽക്കാരസംഭോഗത്തിൽ പുരുഷന്റെ ഭാഗത്തുനിന്നു ബലവും സ്ത്രീയുടെ ഭാഗത്തുനിന്നു ചെറുക്കലും ഉണ്ടല്ലോ. ഈ ബലത്തെയും എതിർപ്പിനെയും സ്ഥൂലീകരിക്കുന്ന സെക്ഷ്വൽ എത്തിക്സ്സാണ് ഇന്നു നമുക്കുള്ളതു്. വേഷംകൊണ്ടും ശാരീരിക ചലനങ്ങൾകൊണ്ടും ഭാവഹാവങ്ങൾകൊണ്ടും ലൈംഗികാവയവങ്ങളുടെ അല്പപ്രദർശനം കൊണ്ടും പുരുഷനെ സ്ത്രീ ഇളക്കിക്കഴിയുമ്പോൾ അവൻ താല്ക്കാലികമായ എതിർപ്പിനെ വകവയ്ക്കാതെ പെരുമാറുന്നു. അതു് അന്യൻ കണ്ടില്ലെങ്കിൽ സ്ത്രീക്കു പരാതിയില്ല. ചാരിത്രത്തിന്റെ വെണ്മയാർന്ന സാരി ധരിച്ചുകൊണ്ട് അവൾ ശീലാവതിയായി കഴിഞ്ഞുകൊള്ളും. കണ്ടാലാണ് കുഴപ്പം. അപ്പോൾ ധർഷണത്തിന്റെ മുറവിളിയുണ്ടാകുന്നു. സമുദായം കോപിക്കുന്നു, നിയമപാലകർ എത്തുന്നു.

ഭർത്താവല്ലാത്ത പുരുഷനോടു വേഴ്ചയുണ്ടാക്കുന്നതു് ശരിയല്ല എന്നു നമ്മുടെ നിയമം. ആ പുരുഷനോടു കാമം തോന്നിയാലും അതടക്കിവയ്ക്കണമെന്നും നിയമം. പക്ഷേ, പുരുഷൻ തന്റെ സൗന്ദര്യംകൊണ്ടും സ്നേഹംകൊണ്ടും ആ നിയമത്തെ ലംഘിക്കാൻ അവളെ പ്രേരിപ്പിക്കുന്നു. അവൾ വഴങ്ങുന്നു. ഇതൊക്കെ സാമാന്യസംഭവങ്ങൾ. പക്ഷേ, സ്ത്രീയുടെ പാവനത്വത്തെ ബലൂൺ ഊതി വലുതാക്കുന്നതുപോലെ പെരുപ്പിച്ചു പെരുപ്പിച്ചുകൊണ്ടു വരുന്നവർ (സ്ത്രീകളാണ് ഇക്കൂട്ടരിൽ അധികംപേരും) മുകളിലെഴുതിയ വസ്തുത പാടേ വിസ്മരിക്കുന്നു. ഓഫീസിൽനിന്നു് ഭർത്താവെന്ന തടിമാടൻ ഏതു സമയവും എത്തിയേക്കാമെന്ന പേടിക്കുന്ന സ്ത്രീ തന്നെ രസിപ്പിക്കുന്ന കാമുകനെ തള്ളിമാറ്റാൻ ശ്രമിക്കുന്നു. പക്ഷേ, അതു് ലജ്ജ കൊണ്ടാണെന്നു ബുദ്ധിശൂന്യനായ കാമുകൻ കരുതുന്നു. അങ്ങനെ കരുതുന്ന അവൻ അവളെ കൂടുതൽ രസിപ്പിക്കാനായി ശ്രമിക്കുന്നു. അപ്പോൾ അവൾ കൂടുതലായി എതിർപ്പ് കാണിക്കുന്നു. അതിനെ വർദ്ധിച്ച ലജ്ജയായി അവൻ കരുതുന്നു. ഈ സന്ദർഭത്തിൽ ചന്തുമേനോനെയാണ് ഞാൻ ഓർമ്മിക്കുക. ഉത്സവം നടത്തിയവർ ചെണ്ട കൊട്ടുന്നവനു് രണ്ടാം തരക്കാരന്റെ കൂലിയേ കൊടുത്തുള്ളു. മാരാർ ചന്തുമേനോന്റെ കോടതിയിൽ കെയ്സ് കൊടുത്തു. തന്റെ മേലാവായ സായ്പിന് ഒരുശബ്ദവും കേട്ടുകൂടാ. അതിന്റെപേരിൽ അയാളെ പീഡിപ്പിക്കാൻ ചന്തുമേനോൻ തക്കംപാർത്തിരിക്കുകയായിരുന്നു. അപ്പോഴാണ് മാരാരുടെ അന്യായം എത്തിയതു്. ചെണ്ടകൊട്ടൽ കേട്ടാലേ അയാൾ ഒന്നാന്തരക്കാരനാണോ രണ്ടാം തരക്കാരനാണോ എന്നു തീരുമാനിക്കാനാവൂ. ചന്തുമേനോൻ അയാളോടു ചെണ്ടകൊട്ടാൻ ആജ്ഞാപിച്ചു. ചെണ്ടയുടെ ശബ്ദം കേൾക്കുമ്പോൾ അടുത്ത മുറിയിലിരിക്കുന്ന ജഡ്ജി സായ്പ് കോപാകുലനാകുന്ന ചിത്രം മനസ്സിൽ കണ്ടു ചന്തുമേനോൻ പുഞ്ചിരിപൊഴിക്കുകയായിരുന്നു. ആ പുഞ്ചിരി തന്റെ ചെണ്ടകൊട്ടലിന്റെ വൈദഗ്ധ്യം കണ്ടുണ്ടായതാണെന്നു വിചാരിച്ച മാരാർ കൂടുതലുറക്കെ ചെണ്ടകൊട്ടി. ചന്തുമേനോൻ കൂടുതലായി പുഞ്ചിരിയിട്ടു. ഇവിടെ കാമുകൻ ചെണ്ടകൊട്ടുന്ന മാരാരാണ്.

സ്ത്രീയെ അപേക്ഷിച്ചു കാമാസക്തി പുരുഷനു കൂടുവാണെന്ന വാദമുണ്ട്. അതു ശരിയല്ലെന്ന് ഇരിക്കട്ടെ. എന്നാലും രണ്ടു കൂട്ടർക്കും ഒരേയളവിലാണ് കാമമെന്നു സമ്മതിക്കണം. പ്രകൃതിനിയമമാണതു്. ജീവിതത്തിന്റെ സെക്യൂരിറ്റിയെക്കരുതി സ്ത്രീ കാമമടക്കിവയ്ക്കുന്നു. സുരക്ഷിതത്വത്തിൽ അത്യുകണ്ഠ പുരുഷനു ശ്രദ്ധിക്കേണ്ടതില്ല. അവൻ അതു പ്രകടിപ്പിക്കുന്നു. ഈ സത്യത്തിലേക്ക് എം. പി. നാരായണപിള്ള വിദഗ്ധമായി കൈചൂണ്ടുന്നു. ഇതിലാർക്കെങ്കിലും സംശയമുണ്ടെങ്കിൽ അവർ സ്ത്രീകളുടെ “ഉറക്കറപ്പരാക്രമങ്ങ”ളെക്കുറിച്ച് തെല്ലൊന്ന് ആലോചിച്ചുനോക്കിയാൽ മതി. സ്ത്രീയോളം വരില്ല പുരുഷൻ അക്കാര്യത്തിൽ. മദ്യപനങ്ങൾക്കു മാർദ്ദവമില്ലെങ്കിൽ ഉദ്ദേശ്യ ശുദ്ധിയാൽ മാപ്പു നല്കിൻ”.

സെക്സ് എന്നുപറഞ്ഞാൽ $1 + 1 = 3$ ആണെന്ന് ഒരാൾ എഴുതിയിട്ടുണ്ട്. നവീനങ്ങളായ കണ്ടുപിടിത്തങ്ങളുടെ ഫലമായി ഈ കണക്കുകൂട്ടൽ തെറ്റായി മാറിയിരിക്കുന്നു. ഇപ്പോൾ ഒന്നും ഒന്നും മൂന്നല്ല. ഒന്നും ഒന്നും വെവ്വേറെയിരിക്കുന്നു. മറ്റാരും കൃത്യം കാണുന്നില്ലെങ്കിൽ അങ്ങനെ വേറെ വേറെയായിത്തന്നെ ഇരിക്കാം. കണ്ടുപോയാൽ മുറവിളി. അപ്പോൾ രണ്ടുപേരിൽ ഒരാൾ ഇല്ലാതെയാവുന്നു. ഇതു തെറ്റായ സെക്ഷ്വൽ എത്തിക്സ് തന്നെ.

പാലാ നാരായണൻനായർ

വക്കം അബ്ദുൾ ഖാദർ

വക്കം അബ്ദുൾ ഖാദർ എന്റെ കൂട്ടുകാരനായിരുന്നു. ഞാനും അദ്ദേഹവും പതിവായി സായാഹ്നത്തിൽ നടക്കാൻ പോകും. ചിലപ്പോൾ കാഴ്ചബംഗ്ലാവിലെ ചാരുബഞ്ചിലിരുന്നു സാഹിത്യത്തെക്കുറിച്ചു സംസാരിക്കും. ഒരു ദിവസം അദ്ദേഹം പലതും പറഞ്ഞകൂട്ടത്തിൽ അറിയിച്ചു: എ. ബാലകൃഷ്ണപിള്ളയ്ക്ക് പാലാ നാരായണൻ നായരുടെ കവിത വലിയ ഇഷ്ടമാണ്. കർഷകരെക്കുറിച്ച് അദ്ദേഹമെഴുതിയ കവിതകൾ വായിച്ചു ബാലകൃഷ്ണപിള്ള ആവേശഭരിതനായി എഴുന്നേറ്റുനില്ക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്. പില്ക്കാലത്തു് വക്കം അബ്ദുൾഖാദർ രചിച്ച ബാലകൃഷ്ണപിള്ളയുടെ തൂലികാചിത്രത്തിൽ ഇക്കാര്യം എഴുതിയിട്ടുണ്ടെന്നാണ് എന്റെ ഓർമ്മ. പ്രൊഫസർ ജോസഫ് മുണ്ടശ്ശേരിയും ഒരിക്കൽ പാലായെക്കുറിച്ച് എന്നോടു പറഞ്ഞു: “അങ്ങോരു കവിയാണ്”.

പാലാ നാരായണൻ നായർ

രണ്ടു മഹാവ്യക്തികൾ പ്രശംസിച്ച ഈ കവിയുടെ കവിതയെക്കുറിച്ച് അല്പജ്ഞനായ ഞാനൊന്നും എഴുതേണ്ടതില്ല. എങ്കിലും എഴുതുന്നു: പാലാ നാരായണൻ നായരുടെ കവിത മൺചെരാതിലെരിയുന്ന കനകദീപമാണ്. പ്രശാന്തങ്ങളായ മയൂഖങ്ങൾ അതിൽ നിന്നു പ്രസരിക്കുന്നു. അവ കണ്ണിൽവന്നു വീഴുമ്പോൾ നമുക്കു സുഖാനുഭൂതി. കവിതയിലെ പദങ്ങൾ ചിത്രശലഭത്തെപ്പോലെ മെല്ലെ പറക്കുന്നു. മാറിടം പിളർന്ന് ചോരയൊലിപ്പിക്കുന്ന വാക്കുകൾ മറ്റു കവികൾക്കുണ്ട്. അന്തരീക്ഷം പിളർന്നുചെല്ലുന്ന ഉല്ക്കകളെപ്പോലെ പദങ്ങൾ എയ്തുവിടുന്നവരുണ്ട്. അവരെയൊന്നും നാരായണൻ നായർക്ക് ഇഷ്ടമല്ല. വായനക്കാർക്കും ഇഷ്ടമല്ല. ഇപ്പറഞ്ഞതിൽ ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ അദ്ദേഹം മനോരമ ഓണപ്പതിപ്പിലെഴുതിയ “ചൈത്രം മുതൽ ശ്രാവണംവരെ” എന്ന കാവ്യം വായിക്കട്ടെ.

ചിത്രശലഭത്തെപ്പോലെ മന്ദമായി പറക്കുന്ന ഒരു കഥയും കലാകൗമുദിയിൽ വായിച്ചു. വി. എസ്. അനിൽകുമാറിന്റെ “ഉണ്ണി പോകുന്നു” എന്ന ചെറുകഥ. “എന്നെ തൊടരുതു് എന്റെ ചിറകുകൾ തകർന്നുപോകും” എന്ന് അതു് എന്നോടു പറയുന്നു. പരുക്കൻ കൈകൊണ്ടു തൊടാതെ ഞാൻ മാറിനില്ക്കട്ടെ.

ദക്ഷിണ തിരുവിതാംകൂറിലെ തക്കലയ്ക്കടുത്തുള്ള കേരളപുരമെന്ന സ്ഥലത്തു് ഞാൻ താമസിക്കുന്ന കാലം. ഒരു കൊച്ചു ചട്ടിയിൽ തീക്കനലെടുത്തു് അതിൽ അവിടെക്കിട്ടുന്ന മട്ടിപ്പാല് എന്ന സുഗന്ധദ്രവ്യം ഞാനിടും. പരിമളം കലർന്ന പുക ഉയർന്നുയർന്നു പോകും; അങ്ങു സ്വർഗ്ഗത്തിരിക്കുന്ന ആരെയോ സമാരാധനം ചെയ്യാനെന്നപോലെ. മലയാളഭാഷയാകുന്ന മൺപാത്രത്തിൽനിന്നുയരുന്ന കലാധൂമം ഇതുപോലെ സുഗന്ധം പ്രസരിപ്പിച്ചെങ്കിൽ! അതു് ഔന്നത്യങ്ങളിലെത്തി സമാരാധനം നിർവ്വഹിച്ചെങ്കിൽ!

□

എം. കൃഷ്ണൻ നായർ

തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്നു മലയാള വിഭാഗം തലവനായി വിരമിച്ചു.

സാഹിത്യവാരഫലം

36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലൊ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കുറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.

1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്നു കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യുമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റിഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റിഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.